ക്ലാസ്സ് **9**

# മതബോധനകേന്ദ്രം
## മാനന്തവാടി രൂപത
### Second Semester Examination 2025-26

| | |
|---|---|
| ആകെ മാർക്ക് : 80 | |
| പാർട്ട് 1 : 60 | |
| പാർട്ട് 2 : 20 | |
| സമയം : 2 മണിക്കൂർ | |

## പാർട്ട് 1

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.** **10×1=10**

1. ദൈവികജീവൻ നൽകുന്ന അവിടുത്തെ രക്ഷാകരമായ സാന്നിധ്യം നാം അനുഭവിച്ചറിയുന്നത്?
(കൂദാശകൾ, ദൈവവചനം, പ്രാർത്ഥന)

2. മിശിഹായെന്ന സുറിയാനി വാക്കിന്റെ അർത്ഥം?
(അഭിഷിക്തൻ, വിളിക്കപ്പെട്ടവൻ, അയയ്ക്കപ്പെട്ടവൻ)

3. "സത്പ്രവൃത്തികളുടെ തുടക്കം ദുഷ്പ്രവൃത്തികളുടെ ഏറ്റുപറച്ചിലാണ്." ആരുടെ വാക്കുകൾ?
(വി. തോമസ് അക്വീനാസ്, വി. പൗലോസ്, വി. അഗസ്തീനോസ്)

4. തിരുപ്പട്ട ശുശ്രൂഷയിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം?
(കൈവയ്പു പ്രാർത്ഥന, വചനപാരായണം, വചനപ്രഘോഷണം)

5. ദമ്പതികളുടെ അലൗകികസ്നേഹത്തിന് ദൈവം നൽകുന്ന അനർഘ സമ്മാനമാണ്?
(കൂദാശകൾ, സമ്പത്ത്, മക്കൾ)

6. ദനഹാക്കാലത്തെ അവസാന വെള്ളിയാഴ്ച ഈശോയ്ക്ക് സാക്ഷ്യം വഹിച്ചവർ എന്ന നിലയിൽ നാം പ്രത്യേകമായി പ്രാർത്ഥിക്കുന്നത് ആർക്കുവേണ്ടി?
(പുരോഹിതർ, സന്യസ്തർ, മരിച്ചവർ)

7. മിശിഹായെ അനുകരിക്കുന്നതിൽ ഉണ്ടാകാവുന്ന പ്രതിബന്ധങ്ങളിൽനിന്നും വിമുക്തി പ്രാപിക്കാൻ ഒരുവനെ പ്രാപ്തനാക്കുന്നതെന്ത്?
(കൂദാശകൾ, സന്യാസവ്രതങ്ങൾ, ഉപവാസം)

8. ആരാധനവത്സരത്തിന്റെ കേന്ദ്രമായ ഉയിർപ്പുതിരുനാളിനൊരുക്കമുള്ള ഏഴ് ആഴ്ചകളാണ്?
(ഉയിർപ്പുകാലം, ശ്ലീഹാക്കാലം, നോമ്പുകാലം)

9. മാമ്മോദീസായിലൂടെ ലഭിച്ച വിശ്വാസത്തിൽ ഒരു വ്യക്തിയെ സ്ഥിരപ്പെടുത്തുന്ന കൂദാശയാണ്?
(രോഗീലേപനം, കുമ്പസാരം, തൈലാഭിഷേകം)

10. പിതാവായ ദൈവം പരിശുദ്ധാത്മാവിലൂടെ സഭയ്ക്കു നൽകുന്ന ദാനമാണ് ?
(കൂദാശകൾ, പ്രാർത്ഥന, സന്യാസം)

**അനുയോജ്യമായവ ചേർത്തെഴുതുക.** **5×1=5**

| | | | |
|---|---|---|---|
| 11. | ഏറ്റുപറച്ചിൽ | - | വിവാഹം |
| 12. | പുരോഹിതൻ | - | സുബാറ |
| 13. | സ്നേഹത്തിന്റെ ഉടമ്പടി | - | കുമ്പസാരം |
| 14. | അറിയിപ്പുകളുടെ കാലം | - | ഈശോ |
| 15. | അടിസ്ഥാന കൂദാശ | - | മുൻപിൽ വയ്ക്കപ്പെട്ടവൻ |

**പൂരിപ്പിക്കുക.** **3×1=3**

16. "എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്ന് .........................................." (യോഹ. 7:38)

17. “ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ....................................” (യോഹ. 3:5)

18. ‘ശ്ലീഹാ’ എന്ന സുറിയാനി വാക്കിന്റെ അർത്ഥം .............................. ആണ്.

**ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക.** **7×2=14**

19. സന്യാസജീവിതത്തിലെ ബ്രഹ്മചര്യവ്രതം സമർപ്പിതരെ സഹായിക്കുന്നതെങ്ങനെ?

20. പള്ളിക്കൂദാശക്കാലത്ത് ഏറ്റവും പ്രാധാന്യത്തോടെ അനുസ്മരിക്കുന്നതെന്ത്?

21. വിവാഹമെന്ന കൂദാശയിൽ അവർ ഇരുവരും ഏകശരീരമായിത്തീരും എന്നു പറയുമ്പോൾ ഈശോ സൂചിപ്പിക്കുന്നതെന്ത്?

22. ദൈവജനത്തിന്റെ പൊതുപൗരോഹിത്യം എന്താണ്?

23. ഈശോ തനിക്ക് പാപമോചനാധികാരം ഉണ്ടെന്ന് വെളിവാക്കിയ ഒരു വചനഭാഗമെഴുതുക?

24. ഏതെങ്കിലും രണ്ടും പ്രവേശക കൂദാശകളെഴുതുക?

25. സഭ മിശിഹായുടെ കൂദാശയാകുന്നതെങ്ങനെ?

**മൂന്നോ നാലോ വാക്യങ്ങളിൽ ഉത്തരമെഴുതുക.** **4×4=16**

26. ‘സന്യാസം ദൈവരാജ്യത്തിന്റെ അടയാളം’ എന്തുകൊണ്ട്?

27. മംഗളവാർത്തകാലത്ത് പ്രത്യേകമായി ധ്യാനിക്കുന്ന ഏതെങ്കിലും നാല് വിഷയങ്ങൾ എഴുതുക.

28. പുരോഹിത പട്ടം നൽകൽ ശുശ്രൂഷയിൽ രണ്ടാം കൈവയ്പു പ്രാർത്ഥന വഴി പുരോഹിതനെ ഓർമ്മിപ്പിക്കുന്ന പൗരോഹിത്യ ധർമ്മങ്ങളേവ?

29. ആദിമസഭയിൽ പ്രവേശക കൂദാശകൾ മൂന്നും ഒരുമിച്ച് നൽകിയത് എന്തുകൊണ്ടാണ്?

**ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക.** **1×5=5**

30. **കുറിപ്പെഴുതുക:-** വിവാഹമെന്ന കൂദാശയുടെ ലക്ഷ്യങ്ങൾ.

**വിശദമായി ഉത്തരമെഴുതുക.** **1×7=7**

31. അനുരഞ്ജന കൂദാശ ഫലപ്രദമായി സ്വീകരിക്കുന്നതിനുവേണ്ട 5 കാര്യങ്ങളേവ?

---

## പാർട്ട് 2

---

**ഉത്തരമെഴുതുക.** **6×1=6**

32. കേരളത്തിലെ ആദ്യത്തെ കർദ്ദിനാൾ

33. സീറോ മലബാർ സഭയ്ക്ക് ആദ്യമായി ലഭിച്ച മിഷൻ രൂപത?

34. പുത്തൻപാനയുടെ രചയിതാവ്?

35. സീറോ മലബാർ സഭ എന്ന വാക്കിലെ ‘സീറോ’ എന്തിനെ സൂചിപ്പിക്കുന്നു.

36. ഭാരതപ്പുഴയ്ക്ക് വടക്കോട്ട് സീറോ മലബാർ സഭയ്ക്ക് അംഗീകാരം ലഭിച്ചപ്പോൾ മലബാറിൽ സ്ഥാപിക്കപ്പെട്ട ആദ്യത്തെ ഇടവക ഏതാണ്?

37. 1887 ഏപ്രിൽ 15ന് മാന്നാനത്ത് നിന്നും പ്രസിദ്ധീകരണം ആരംഭിച്ച മലയാളത്തിലെ ആദ്യത്തെ ദിനപത്രം?

**ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക.** **3×2=6**

38. കൂനൻ കുരിശ് സത്യം എന്ന സംഭവമെന്താണ്?

39. ദേശീയ പ്രസ്ഥാനങ്ങളിൽ ക്രൈസ്തവരുടെ പങ്ക്?

40. കേരള ക്രൈസ്തവരുടെ പ്രധാനപ്പെട്ട രണ്ട് കലാരൂപങ്ങളേവ?

**ഉത്തരമെഴുതുക.** **2×4=8**

41. മനസ്താപപ്രകരണം

42. വി. പൗലോസ് ശ്ലീഹായുടെ മാനസാന്തര പ്രസംഗത്തിലെ നിങ്ങളെ സ്പർശിച്ച രണ്ടു വാക്യങ്ങളെഴുതുക.